
**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ മാക്സ്മില്ല്യൺ കോൾബേ




ഞാനൊരു കത്തോലിക്കാവൈദികനാണ് എനിക്ക് ഈ മനുഷ്യന്റെ സ്ഥാനത്ത് മരിക്കണമെന്നുണ്ട്. ഈ വാക്കുകൾ ആരെയും അമ്പരിപ്പിക്കും. ജീവിതത്തിൽ മുമ്പ് കണ്ടിട്ടില്ലാത്ത ഒരു മനുഷ്യനു വേണ്ടി ജീവൻ ഹോമിക്കാൻ ആരാണ് തയ്യാറാവുക. 1894 ജനുവരി മാസം എട്ടാം തിയതിയാണ് വിശുദ്ധനായിത്തീരേണ്ട ആ കുഞ്ഞിന്റെ ജനനം. അമ്മയുടെ സാക്ഷ്യമനുസരിച്ച് ചെറുപ്പം മുതൽ അവൻ ദയാലുവായിരുന്നു. എല്ലാവരുടെയും വേദന അവന്റെ കരളലിയിപ്പിക്കുമായിരുന്നു. ജീവിതത്തിന്റെ ആദ്യസമയം മുതൽ എന്റെ ഉള്ളിൽ അവൻ ഒരു രക്തസാക്ഷിയായി മരിക്കുമെന്നുള്ള ബോധ്യം ഉണ്ടായിരുന്നു എന്ന് കോൾബെയുടെ അമ്മ സാക്ഷ്യപ്പെടുത്തുന്നു. റെയ്മണ്ട് എന്നായിരുന്നു അവന്റെ മാമ്മോദീസ പേര്. പത്താമത്തെ വയസ്സിൽ ഉള്ളിൽ ഏറെ സംഘർഷം അനുഭവിക്കുന്ന റെയ്മണ്ടിനെ അമ്മ കണ്ടു. നിരന്തരം അവൻ മറിയത്തിന്റെ തിരുസ്വരൂപത്തിന് മുൻപിൽ മുട്ടിൽ നിന്ന് ഈ സംഘർഷം അവസാനിക്കുന്നതിനായി പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മ അവന് പ്രത്യക്ഷപ്പെട്ടു. രണ്ടു കിരീടങ്ങളുമായിട്ടാണ് അമ്മ വന്നത്. ഒന്ന് ജീവിതത്തിന്റെ ശുദ്ധത കാത്തുസൂക്ഷിക്കുന്നതിനുള്ളതും മറ്റൊന്ന് രക്തസാക്ഷിയായിത്തീരുന്നതിനുള്ളതും. റെയ്മണ്ട് തിരഞ്ഞെടുത്തത് രക്തസാക്ഷിക്കുള്ള കിരീടമാണത്രെ.

1907 ഒക്ടോബർ മാസത്തിൽ റെയ്ണ്ട് തന്റെ കുടുംബത്തെ വിട്ട് യാത്രയായി. ഫ്രാൻസിസ്കൻ സന്യാസഭവനത്തിലേക്കായിരുന്നു യാത്ര. അങ്ങനെ 1910ൽ അവൻ സന്യാസിയായി. 1914 നവംബർ മാസം പതിനാലാം തിയതി നിത്യവ്രതം വാഗ്ദാനം ചെയ്തു. അതിനുശേഷം അവന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. 'എന്റെ ഭാവി മുഴുവൻ ഞാൻ മറിയത്തിന്റെ കരങ്ങളിൽ ഭരമേൽപ്പിക്കുന്നു'. അദ്ദേഹത്തിന്റെ ആത്മീയ പിതാവിന്റെ വാക്കുകൾ. മറിയത്തെ ഇതിൽക്കൂടുതൽ സ്നേഹിക്കുന്ന മറ്റൊരാളെ ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. മറിയത്തിന്റെ പൊന്നുമകനായിരുന്നു മാക്സ്മില്ല്യൺ കോൾബേ. മറിയത്തോടുള്ള സ്തോത്രഗീതങ്ങൾ അവന്റെ കണ്ണുകളെ ഈറനണിയിക്കുമായിരുന്നു. മറിയത്തോടൊപ്പം നിൽക്കുന്ന ഒരു സൈന്യഗണത്തെക്കുറിച്ച് അദ്ദേഹം തന്റെ സുഹൃത്തുക്കളോട് സംസാരിച്ചു. 1917 ജനുവരി മാസത്തിൽ ഫാ. കോൾബെയും മറ്റ് ആറു പേരും മറിയത്തിന്റെ അമലോൽഭവഹൃദയത്തിന് തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചു. മറിയത്തിന്റെ സൈന്യം എന്ന പേരിൽ ഒരു മാസികയും അവർ പുറത്തിറക്കി. മാധ്യമങ്ങളിലൂടെ മറിയത്തിന്റെ മാധ്യസ്ഥശക്തിയെ പ്രകീർത്തിക്കുവാൻ തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർക്ക് മനസ്സിലായി. ക്ഷയരോഗം ബാധിച്ച് കിടപ്പിലായെങ്കിലും

അദ്ദേഹത്തിന്റെ വിശ്വാസതീക്ഷ്ണതയെ തണുപ്പിക്കാൻ അതിനായില്ല. അദ്ദേഹം നാടെങ്ങും ചുറ്റിനടന്ന് ദൈവസ്നേഹത്തെക്കുറിച്ചും പരസ്നേഹത്തെക്കുറിച്ചും പ്രസംഗിച്ചു.

1921 ഏപ്രിൽ മാസത്തിൽ അദ്ദേഹം പൂർണ ആരോഗ്യത്തോടെ ആശുപത്രി വിട്ടു. വീണ്ടും പ്രസിദ്ധീകരണത്തിന്റെ പ്രവർത്തനത്തിൽ അദ്ദേഹം ഏർപ്പെട്ടു. സാമ്പത്തികമേഖല ആ നാളുകളിൽ അത്ര മെച്ചമായിരുന്നില്ല. മറ്റുള്ളവരുടെ സംഭാവനയിലൂടെ ഈ പ്രസ്ഥാനം വീണ്ടും മുന്നോട്ട് പോയി. അങ്ങനെ ഒരു ദിവസം മറിയത്തിന്റെ വിമലഹൃദയത്തിന് മുൻപിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ അദ്ഭുതകരമായി പണം ലഭിച്ചതിനെക്കുറിച്ചും കോൾബെ എഴുതിക്കാണുന്നുണ്ട്. പ്രിന്റിങ്ങിന് ആവശ്യമായ തുക കൂടിവന്നപ്പോൾ സ്വയം ഒരു പ്രിന്റിങ് ഡിപ്പാർട്ട്മെന്റ് തുടങ്ങുവാൻ അദ്ദേഹം തീരുമാനിച്ചു. ഒരു രാജകുമാരൻ അൽപം സ്ഥലം ഇതിനായി നൽകിയപ്പോൾ അവിടെ മറിയത്തിന്റെ തിരുസ്വരൂപം സ്ഥാപിക്കുകയാണ് അദ്ദേഹം ആദ്യം ചെയ്തത്. ഈ രാജകുമാരൻ യാതൊരു നിബന്ധനയുമില്ലാതെയാണ് സ്ഥലം നൽകിയതെങ്കിലും കരാർ ഉറപ്പിക്കാൻ സമയമായപ്പോൾ തനിക്കുവേണ്ടി അവിടെ എന്നും ബലിയർപ്പിക്കപ്പെടണമെന്നുള്ള ആവശ്യം രാജകുമാരൻ ഉന്നയിച്ചു. ഈ ആവശ്യം കേട്ടപ്പോൾ എല്ലാവരും ആശ്ചര്യപ്പെട്ടു. എല്ലാക്കാലത്തും ഒരാൾക്കുവേണ്ടി ദിവ്യബലിയർപ്പിക്കുക കടമയായിത്തീരും. കോൾബെ പെട്ടെന്നുതന്നെ പ്രസ്തുത സ്ഥലം വേണ്ടെന്നു വച്ചു. രാജകുമാരൻ അത് നൽകാനും തയ്യാറായില്ല. ഫാ. കോൾബെ വീണ്ടും മറിയത്തിന്റെ മധ്യസ്ഥം തേടി പ്രാർത്ഥിച്ചു. എന്നെ നീ എന്തിനാണ് ഇങ്ങനെ വിഷമിപ്പിക്കുന്നത് എന്ന് മറിയത്തോട് ചോദിച്ചു. ഈ കാഴ്ച കാണുവാൻ പോലും രാജകുമാരന് സാധിക്കുമായിരുന്നില്ല. അത്രമേൽ വേദനാജനകമായിരുന്നു മറിയവും കോൾബെയും തമ്മിലുള്ള സംസാരം.

പെട്ടെന്ന് യാതൊരു നിബന്ധനകളുമില്ലാതെ ഈ സ്ഥലം കോൾബെയുടെ സംരംഭങ്ങൾക്ക് നൽകാൻ താൻ തയ്യാറാണെന്ന് രാജകുമാരൻ പറഞ്ഞു. ഇമ്മാക്കുലര നഗരം എന്നാണ് ഇത് അറിയപ്പെട്ടത്. അവിടെ പതിനെട്ടോളം സന്യാസികളും രണ്ടു വൈദികരും ഉണ്ടായിരുന്നു. സമൂഹജീവിതത്തിന്റെ എല്ലാ വിഷമങ്ങളും അവർ ഒരുമിച്ചു നേരിട്ടു. കഠിനാധ്വാനത്തിന്റെയും അലച്ചിലിന്റെ നാളുകളായിരുന്നു അത്. മണ്ണിൽ പണിയെടുത്തും രാവേറെ പ്രാർത്ഥിച്ചും അവർ തങ്ങളുടെ ഉപജീവനത്തിനും ശുശ്രൂഷയ്ക്കുമുള്ള വഴികൾ കണ്ടെത്തി. കൂടുതൽ സന്യാസികളെ താമസിപ്പിക്കുവാൻ സെമിനാരി കെട്ടിടം വലുതാക്കി പണിയുവാൻ സുപ്പീരിയർ ആവശ്യപ്പെട്ടപ്പോൾ അതും ഫാ. കോൾബെ അനുസരിച്ചു. പണവും സാഹചര്യങ്ങളും ദൈവം തരുമെന്ന് വിശ്വസിച്ചു. നാടിന്റെ പലഭാഗത്തുനിന്നും സഹായഹസ്തങ്ങൾ നീണ്ടു. അധികാരികൾക്ക് പോലും വിശ്വസിക്കാൻ സാധിക്കാത്തവിധമായിരുന്നു ആ ആശ്രമത്തിന്റെ വളർച്ച. ഇരുപത് സന്യാസികൾ മാത്രമുണ്ടായിരുന്ന ആശ്രമത്തിൽ പിന്നീട് എണ്ണൂറോളം സന്യാസികളായി. അവർക്കെല്ലാം താമസസൗകര്യങ്ങളും ശുശ്രൂഷാ മേഖലകളും ഒരുക്കപ്പെട്ടു. അന്ന് ലോകത്തിലെ ഏറ്റവും വലിയ സന്യാസഭവനമായി ഇമ്മാക്കുലാര മാറി. ആദ്യത്തെ അഞ്ചു വർഷം തന്നെ അവർക്ക് കോളജും ആശുപത്രിയും ആശ്രമവും എല്ലാമുണ്ടായി. മറിയത്തിന്റെ മാധ്യസ്ഥതയാൽ നടക്കുന്ന അദ്ഭുതമായിട്ടാണ് ഫാ. കോൾബെ ഇതിനെ വിശേഷിപ്പിച്ചത്. നൂറോളം ബെഡ്ഡുകളുള്ള ആശുപത്രി. പ്രസിദ്ധീകരണങ്ങൾ വിപുലമായി. പിന്നീട് അവർ ഒരു റേഡിയോസ്റ്റേഷനും ആരംഭിച്ചു. ശുശ്രൂഷ ലോകമെങ്ങും വ്യാപിച്ചപ്പോൾ അവർ ഒരു എയർപോർട്ടും സ്വന്തമായി നിർമ്മിച്ചു. മറിയത്തിന്റെ സൈന്യം എന്ന പേരിൽ പുറത്തിറങ്ങിയ മാസികയുടെ വരിക്കാരുടെ എണ്ണം പത്ത് ലക്ഷം കവിഞ്ഞു. ഫാ. കോൾബെയും സഹസന്യാസികളും കൂടിയാണ് ഈ പ്രസിദ്ധീകരണത്തിന്റെ സകല കാര്യങ്ങളും ചെയ്തിരുന്നത്.

1939 സെപ്റ്റംബർ മാസം മൂന്നാം തിയതി നാസി സൈന്യം യാതൊരു മുന്നറിയിപ്പുമില്ലാതെ പോളണ്ടിനെ ആക്രമിച്ചു. സെപ്റ്റംബർ അഞ്ചാം തിയതി ആശ്രമത്തിലുണ്ടായിരുന്ന സന്യാസികളോടെല്ലാം തങ്ങളുടെ കുടുംബങ്ങളിലേക്ക് മടങ്ങിക്കൊള്ളാൻ ഫാ. കോൾബെ ആവശ്യപ്പെട്ടു. ഫാ. കോൾബെ എല്ലാവർക്കും കണ്ണീരിൽ കുതിർന്ന ആശീർവാദം നൽകി. എല്ലാവരോടും യാത്ര പറഞ്ഞു. എല്ലാവരെയും കുടുംബങ്ങളിലേക്ക് മടക്കിയതിനുശേഷം താൻ എന്താണ് ചെയ്യേണ്ടതെന്ന് തന്റെ അധികാരികളോട് കോൾബെ ആരാഞ്ഞു. ഇമ്മാക്കുലാരയിൽ താമസിക്കുവാൻ അവർ ആവശ്യപ്പെട്ടു. അദ്ദേഹം അതനുസരിച്ചു. ജർമ്മൻ ആർമി അടുത്തെത്തിയപ്പോൾ അവർ അമ്പതോളം സന്യാസികളും അഞ്ച് വൈദികരും ആശ്രമത്തിലുണ്ടായിരുന്നു. ഭയത്തിന്റെയും ഭീകരതയുടെയും നാളുകളായിരുന്നു അത്. എങ്ങും ആക്രോശങ്ങളും അട്ടഹാസങ്ങളും. ജനങ്ങളുടെ കൂട്ടക്കരച്ചിൽ ഹൃദയഭേദകമായിരുന്നു. കോൾബെ സഹസന്യാസികളോട് മരണത്തിനായി ഒരുങ്ങുവാൻ ആവശ്യപ്പെട്ടു. എല്ലാവരും കുമ്പസാരിച്ച് ഒരുങ്ങി.

വീട്ടുവീടാന്തരം കയറിയിറങ്ങി പട്ടാളം ക്രൂശിതരൂപങ്ങളും ഭക്തവസ്തുക്കളും നശിപ്പിച്ചു. പന്ത്രണ്ട് വർഷത്തെ അധ്വാനത്തിന്റെ പ്രാർത്ഥനയുടെയും ഫലമായ കെട്ടിടങ്ങളും ആശുപത്രിയും പ്രിന്റിങ് സെന്ററുമെല്ലാം പട്ടാളം നിമിഷങ്ങൾക്കൊണ്ട് നശിപ്പിച്ചു. സകലതും എനിക്ക് മറിയം തന്നു, അവൾ തന്നെ അവയെല്ലാം തിരികെയെടുത്തു എന്ന മാക്സ്മില്ല്യൺ കോൾബെയുടെ വാക്കുകൾ ആരുടെയും കണ്ണുകളെ ഈറനണിയിക്കുന്നതായിരുന്നു. പിന്നീട് ഈ ആശ്രമം ഒരു ഹോസ്പിറ്റൽ മാത്രമായി ചുരുങ്ങി. മടങ്ങിവന്ന സന്യാസികൾ രോഗികളുടെ കാര്യത്തിൽ വ്യാപൃതരായി. ജർമ്മൻ ഓഫിസർമാരുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ ഇമ്മാക്കുലാരയുടെ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കുവാൻ ഫാ. കോൾബെയ്ക്ക് സാധിച്ചു.

1940 ഡിസംബർ മാസം എട്ടാം തിയതി, മാതാവിന്റെ അമലോത്ഭവതിരുനാൾ ദിവസം പരിശുദ്ധ കന്യകാമറിയം ഫാ. കോൾബെയ്ക്ക് പ്രത്യേകമായൊരു സന്ദേശം നൽകി. അടുത്ത ദിവസം അതിരാവിലെ പട്ടാളമേധാവികളെത്തി ഫാ. കോൾബെയെയും മറ്റ് അഞ്ച് വൈദികരെയും അറസ്റ്റ് ചെയ്ത് വാർസോയിലെ ജയിലിലടച്ചു. വിശ്വാസത്തിനുവേണ്ടിയുള്ള രക്തസാക്ഷിത്വത്തെക്കുറിച്ച് ഫാ. കോൾബെ സഹപ്രവർത്തകരോട് സംസാരിച്ചു. എന്നാൽ കൂട്ടുകാർ പറഞ്ഞു. കോൺസൺട്രേഷൻ ക്യാമ്പിലുള്ളവർ തങ്ങളുടെ രാജ്യത്തിനുവേണ്ടി മറ്റ് നിവൃത്തിയില്ലാതെ മരിക്കുന്നവരാണ്. അവരെ എങ്ങനെയാണ് വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കുന്നവരായി നമുക്ക് മനസ്സിലാക്കാനാകുന്നത്. ദീർഘവീക്ഷണത്തോടെ, പ്രവചനസ്വരത്തിൽ ഫാ. കോൾബെ പറഞ്ഞു. 'അല്ല, നാം നമ്മുടെ വിശ്വാസത്തിനുവേണ്ടിയാണ് ജീവത്യാഗം നടത്തുന്നത്. രാജ്യങ്ങൾ തമ്മിലല്ല യഥാർത്ഥ യുദ്ധം, നന്മയും തിന്മയും തമ്മിലാണ്. സ്വന്തം മകൻ യുദ്ധത്തിൽ കൊല്ലപ്പെട്ടാൽ അത് വ്യക്തിപരമായ ദുഖമാണ് ഒരമ്മയ്ക്ക്. രാജ്യത്തിന്റെ ദുഖം എന്നു പറഞ്ഞ് അതിനെ എഴുതിത്തള്ളാനാവില്ല. എല്ലാ തിന്മപ്രവൃത്തികളും ദൈവത്തെ വേദനിപ്പിക്കുന്നു.'

1941 മെയ് 28ന് മുന്നോറോളം വരുന്ന തടവുപുള്ളികളോടൊപ്പം ഫാ. മാക്സ്മില്ല്യൺ കോൾബെ ഓഷ്വിറ്റ്സ് തടങ്കൽപ്പാളയത്തിലേക്ക് മാറ്റപ്പെട്ടു. സാധാരണ തടവുപുള്ളികളെക്കാൾ ക്രൂരമായ മർദ്ദനമാണ് വൈദികർക്കും സന്യസ്തർക്കും കോൺസൺട്രേഷൻ ക്യാംപിൽ നേരിടേണ്ടി വന്നത്. വൈദികരെ പീഡിപ്പിക്കുന്നത് അവർക്കൊരു ഹരമായിരുന്നു. എന്നാൽ വിശുദ്ധനായ ഈ വൈദികനെ പ്രകോപിപ്പിക്കത്തക്ക രീതിയിൽ യാതൊന്നും ചെയ്യാൻ പട്ടാളക്കാർക്ക് സാധിച്ചില്ല എന്നതും സത്യമായിരുന്നു. ഔഷ്വിറ്റ്സ് യഹൂദർക്കുവേണ്ടി മാത്രം നിർമ്മിക്കപ്പെട്ടതായിരുന്നില്ല. പല രാജ്യങ്ങളിൽ നിന്നുമുള്ള യഹൂദരല്ലാത്ത യുദ്ധത്തടവുകാരും ഇവിടെയുണ്ടായിരുന്നു. മിക്ക രാജ്യങ്ങളിൽ നിന്നുമുള്ള കഴിവുറ്റ നേതാക്കന്മാരെയാണ് അവിടെ പാർപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഔഷ്വിറ്റ്സ് പ്രഗത്ഭരുടെ തടവറയായിരുന്നുന്നു എന്നു പറയാം. അനേകം ശത്രുക്കളെ ഒരുമിച്ച് മരണത്തിലേക്ക് പറഞ്ഞുവിടുന്ന ഗ്യാസ് ചേംബറുകളായിരുന്നു അവർക്കുവേണ്ടി നാസിപ്പട ഒരുക്കിയിരുന്നത്. അവർക്കായി നിശ്ചയിക്കപ്പെട്ടിരുന്ന വിചാരണയും വിചിത്രമായിരുന്നു. ഒരു തടവുപുള്ളിക്ക് സ്വയം നിരപരാധിയെന്ന് തെളിയിക്കാൻ രണ്ട് മിനിറ്റ് നൽകപ്പെടും. എന്തെങ്കിലും പറഞ്ഞുതുടങ്ങുമ്പോഴേക്കും വിചാരണ ചെയ്തു എന്ന വ്യാജേന വധശിക്ഷ വിധിക്കും. മരണത്തിന് വിധിക്കപ്പെടുന്നവർ തങ്ങളുടെ വസ്ത്രങ്ങൾ ഊരി നൽകണം. മറ്റുള്ളവർക്ക് നൽകപ്പെടുന്നതിന് വേണ്ടിയാണിത്. കോറിഡോറിലൂടെ പുറത്തിറങ്ങുമ്പോഴേക്ക് തോക്കുമായി ഉന്നം പിടിച്ച് നിൽക്കുന്ന പട്ടാളക്കാർ അവരെ വെടിവച്ചിട്ടുണ്ടാകും. തടവുകാരെ ആത്മധൈര്യത്താൽ നിറയ്ക്കുന്നത് ഫാ. കോൾബെയായിരുന്നു.

ശരീരത്തെ കൊല്ലുവാൻ മാത്രം കഴിയുന്നവരെ തെല്ലും ഭയക്കേണ്ടതില്ലെന്നും മരണത്തെ സന്തോഷത്തോടെ അഭിമുഖീകരിക്കണമെന്നും അദ്ദേഹം അവർക്ക് പറഞ്ഞുകൊടുത്തു. വിശുദ്ധമായി ജീവിച്ചാൽ നമുക്ക് സമാധാനത്തോടെ മരിക്കാൻ സാധിക്കും. തടവുപുള്ളികളെ ഭയം കൂടാതെ മരിക്കാൻ ഒരുക്കിയിരുന്ന ഫാ. കോൾബെയുടെ പ്രവർത്തനങ്ങൾ പട്ടാള ഉദ്യോഗസ്ഥരെ തെല്ലൊന്നുമല്ല പിടിച്ചുകുലുക്കിയത്. അവർ അദ്ദേഹത്തെ ശവങ്ങൾ ചുമക്കാൻ നിയോഗിച്ചു. ഈശോ കുരിശുമായി പോയപ്പോൾ പല ആവർത്തി വീണതിനെ ഫാ. കോൾബെ തന്റെ പീഡനങ്ങൾക്കിടയിൽ ധ്യാനിച്ചിരുന്നു. ഓരോ ദിവസവും ആ യേശുവിനെക്കുറിച്ചുള്ള ധ്യാനം പുതിയ ശക്തിയോടെ തന്റെ ദൗത്യം നിറവേറ്റുവാൻ വീണ്ടും എഴുന്നേൽക്കുവാൻ അദ്ദേഹത്തെ ശക്തിപ്പെടുത്തി. ഞാൻ ഇനിയും സഹിക്കാൻ തയ്യാറാണെന്ന് എല്ലാ ദിവസവും ഫാ. കോൾബെ ക്രൂശിതരൂപത്തെ നോക്കി പറയുമായിരുന്നു. മരിക്കാൻ പോകുന്നവരുടെ കുമ്പസാരം കേൾക്കുന്നതും അവർക്കു സേവനം

ചെയ്യുന്നതും അദ്ദേഹത്തിന് സന്തോഷം നൽകുന്ന കാര്യമായിരുന്നു. പലപ്പോഴും ചെറിയ അപ്പക്കഷണങ്ങൾ വച്ച് ഫാ. കോൾബെ തടവുപുള്ളികൾക്കുവേണ്ടി ബലിയർപ്പിച്ച് അവർക്ക് യേശുവിന്റെ ശരീരവും രക്തവും നൽകുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ഔഷ്വിറ്റ്സ് തടങ്കൽപ്പാളയത്തിൽ നിന്ന് ഒരാൾ തടവുചാടി. പട്ടാളക്കാർക്ക് സഹിക്കാവുന്നതിനും അപ്പുറത്തായിരുന്നു ഈ അപമാനം. അങ്ങനെ വന്നാൽ പത്തു പേരെ വധിക്കും. എല്ലാവരും പേടിച്ചുവിറച്ചു. തങ്ങൾ ആ പത്തു പേരിൽ പെടരുതേ എന്ന് എല്ലാവരും ഉള്ളിന്റെ ഉള്ളിൽ ആഗ്രഹിച്ചു. ഒരു ദിവസം പുറത്തു കടക്കാമെന്ന മോഹവുമായി ഒതുങ്ങി ജീവിച്ചവരായിരുന്നു അവരിൽ ഏറെയും. ഈ പത്തുപേരെയും പട്ടിണിക്കിട്ട് കൊല്ലാനാണ് വിധിയുണ്ടാവുക.

ഒരു സെല്ലിലെ ആരും രക്ഷപെടാതിരിക്കാൻ മറ്റുള്ളവർ ശ്രദ്ധിക്കുന്നതിനുള്ള ജർമ്മൻ പട്ടാളക്കാരുടെ കഠിന നിയമമായിരുന്നു ഇത്. രക്ഷപ്പെട്ടയാളെ തിരഞ്ഞ് കിട്ടാതെ വന്നപ്പോൾ പട്ടാളം തിരികെ പതിനാലാം ബ്ലോക്കിലെത്തി. പതിനാലാം ബ്ലോക്കിലുള്ള തടവുപുള്ളികളെ പൊരിവെയിലത്ത് നിരയായി നിർത്തി. യാതൊന്നും അവർക്ക് ഭക്ഷിക്കാനോ കുടിക്കാനോ നൽകിയില്ല. പലരും ബോധമറ്റുവീണു. രാത്രിയായപ്പോൾ എല്ലാ തടവുപുള്ളികളും ജോലി കഴിഞ്ഞ് വന്നു. എല്ലാവരും കൺകെ രക്ഷപ്പെട്ടവനു പകരം വധിക്കപ്പെടുന്നവരെ തിരഞ്ഞെടുക്കുകയാണ്. സുഹൃത്തുക്കളുടെ കണ്ണിലെ ഭയം കണ്ട് ഫാ. കോൾബെയ്ക്ക് വല്ലാത്ത വേദന തോന്നി. പട്ടാള കമാൻഡർ ഓരോരുത്തരെയായി മാറ്റിനിർത്തുകയാണ്. ഒന്ന്, രണ്ട്.... അങ്ങനെ മാറ്റിനിർത്തപ്പെടുന്നു. പട്ടാളക്കാരന്റെ കൈവിരൽ ചൂണ്ടപ്പെടാതെ പലരും തെന്നിമാറിനോക്കി. തിരഞ്ഞെടുക്കപ്പെട്ട ഒരാൾ പൊട്ടിക്കരഞ്ഞു. തന്റെ ഭാര്യയ്ക്കും മക്കൾക്കും ആരുമില്ലല്ലോ എന്നു പറഞ്ഞുകൊണ്ട് അയാൾ ദിഗന്തം പൊട്ടുമാറ് നിലവിളിച്ചു. എല്ലാവരോടും കണ്ണുനീരോടെ വിടചൊല്ലി. ആർക്കും ആ കാഴ്ച കണ്ടുനിൽക്കാനാകുമായിരുന്നില്ല. പെട്ടെന്ന് തടവുപുള്ളികൾക്കിടയിൽ നിന്ന് ഒരു ശബ്ദം. ഈ മനുഷ്യനുവേണ്ടി മരിക്കാൻ എന്നെ അനുവദിക്കുമോ. പട്ടാളക്കാരും കൂടിയിരുന്നവരും ഞെട്ടിപ്പോയി. ഞാനൊരു കത്തോലിക്കാവൈദികനാണ് എനിക്കുവേണ്ടി രണ്ടായിരം വർഷം മുൻപ് മരിച്ച രക്ഷകന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു. ആ പാവപ്പെട്ട മനുഷ്യനെ നിങ്ങൾ വെറുതെവിടണം. അദ്ദേഹത്തിന് ഭാര്യയും മക്കളുമുണ്ട്. എനിക്ക് വയസ്സായി. എന്നെ കാത്തിരിക്കാൻ സ്വർഗത്തിലെ പിതാവു മാത്രമേയുള്ളൂ. അപ്പോൾ ഫാ. കോൾബെയ്ക്ക് നാൽപത്തിയേഴ് വയസ്സു മാത്രമാണുണ്ടായിരുന്നത്.അവശേഷിച്ച തടവുപുള്ളികളോട് ഭവനങ്ങളിലെത്തി മക്കളെയും ഭാര്യമാരെയും കാണാമെന്ന പ്രത്യാശ കൈവിടരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പട്ടിണി കിടന്നു മരണത്തിനു വിധിക്കപ്പെട്ടവരോടൊപ്പം അദ്ദേഹം യാത്രയായി.

പട്ടാളക്കാർ വന്നന്വേഷിക്കുമ്പോഴെല്ലാം ഫാ. കോൾബെയെ അവർ സന്തോഷമുള്ളവനായിട്ടാണ് എല്ലായ്പ്പോഴും കണ്ടത്.കൂടെ ഇരുട്ടുമുറിയിൽ അടച്ചവരെയെല്ലാം മരണത്തിനൊരുക്കി അവരെ കുമ്പസാരിപ്പിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ച് ഫാ. കോൾബെ സമയം ചിലവഴിച്ചു. എല്ലാവരും മരിച്ചിട്ടും ഫാ. കോൾബെ തളർന്നവശനാകുകയോ വീണു പോവുകയോ ചെയ്തില്ല. അപ്പോൾ മൂന്നാഴ്ചയോളം കഴിഞ്ഞിരുന്നു. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ശക്തിയിൽ ദിവസങ്ങൾ മുൻപോട്ട് പോകുമെന്ന് മനസ്സിലാക്കിയ പട്ടാളക്കാർ പരിഭ്രാന്തരായി. അവസാനം കരങ്ങളുയർത്തി പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുമ്പോൾ പട്ടാളക്കാർ പുറകിൽ നിന്ന് അദ്ദേഹത്തെ വിഷം കുത്തിവച്ചു കൊന്നു. മരുന്നു കുത്തിവയ്ക്കുമ്പോൾ ആ പട്ടാളക്കാരനെക്കൂടി ആശീർവദിച്ചിട്ടാണ് ഫാ. കോൾബെ തന്റെ നിത്യസമ്മാനം വാങ്ങുവാനായി യാത്രയായത്. മുഖത്ത് ഒരു മന്ദസ്മിതത്തോടെയാണ് ഫാ. കോൾബെ മരിച്ചത്. അദ്ദേഹത്തിന്റെ മുഖത്ത് തെല്ലും ദുഖമുണ്ടായിരുന്നില്ല.

'സഹോദരനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല' എന്നുള്ള കർത്താവിന്റെ വചനം അക്ഷരാർത്ഥത്തിൽ നിറവേറ്റുവാൻ ഫാ. കോൾബെയ്ക്ക് സാധിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തിന്റെ തലേന്നാണ് ഫാ. കോൾബെ മരിച്ചത്. ലോകം കണ്ടത് അസ്ഥികൾ മാത്രമായിത്തീർന്ന ശോഷിച്ച ഒരു ശരീരമാണ്. ശരീരമാസകലം പീഡനത്തിന്റെ അടയാളങ്ങളായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ മുഖം പ്രകാശിച്ചിരുന്നു. ഒരു സ്വർഗീയാനുഭൂതിയിൽ ലയിച്ചിരിക്കുന്നതു പോലെയായിരുന്നു അദ്ദേഹത്തിന്റെ കണ്ണുകൾ. ആഗസ്റ്റ് പതിനഞ്ചാം തിയതി ആളുകളെത്തി അദ്ദേഹത്തിന്റെ ശരീരമെടുത്ത് ഒരു പെട്ടിയിലാക്കി. അവരുടെയിടയിൽ ജീവിച്ചിരുന്ന സ്നേഹത്തിന്റെ ആൾരൂപമായിരുന്നു ഫാ. മാക്സ് മില്യൺ കോൾബെ. സഹോദരനുവേണ്ടി മരിക്കാൻ തയ്യാറായ

മനുഷ്യൻ. മരണത്തിനപ്പുറത്ത് ഒരു ജീവിതമുണ്ടെന്നുള്ള ഉറച്ച ബോധ്യം അദ്ദേഹത്തെ ഈ ജീവിതം എറിഞ്ഞുടയ്ക്കാൻ പ്രേരിപ്പിച്ചു. നമ്മുടെ ഉത്ഥാനത്തിന്റെ പ്രതീകമായ മറിയത്തിന്റെ സ്വർഗാരോപണ ദിവസം അദ്ദേഹത്തെ ദിവ്യനാഥൻ തന്റെ സവിധത്തിലേക്ക് വിളിച്ചു. ഫാ. ജേർസി പോപ്പലുസ്കോയുടെ ജീവിതത്തെ ഏറ്റവും അധികമായി സ്വാധീനിച്ച വ്യക്തി ഫാ. മാക്സ്മില്ല്യൺ കോൾബെയാണ്.

പോളണ്ടിൽ നിന്നുള്ള ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ജീവിതത്തിലും മാക്സ്മില്ല്യൺ കോൾബെയുടെ ജീവിത മാതൃക സ്വാധീനം ചെലുത്തിയിരുന്നു. യേശുവിനു വേണ്ടി ആരെങ്കിലും ചെറിയൊരു സമർപ്പണം നടത്തിയാൽ സ്വർഗത്തിന്റെയും ഭൂമിയുടെയും മുൻപിൽ അവിടുന്ന് അത് ഏറ്റുപറയുക തന്നെ ചെയ്യും. 1982 ഒക്ടോബർ പത്താം തിയതി വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ പാപ്പ അദ്ദേഹത്തെ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. വി. മാക്സ് മില്യൺ കോൾബെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. പരസ്പരം ദ്രോഹിക്കുന്ന ഈ ലോകത്തിലെ മനുഷ്യർക്ക് ജീവൻ കൊടുത്തുകൊണ്ട് അങ്ങ് സ്നേഹത്തിന്റെ മാതൃക കാട്ടിത്തന്നു. നിഷ്കളങ്കരക്തം ചിന്തപ്പെടുന്ന സകല സ്ഥലങ്ങളിലും അങ്ങയുടെ മാധ്യസ്ഥം തുണയാകട്ടെ.

വിശുദ്ധ മാക്സ്മില്ല്യൺ കോൾബേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...